(ബി) പൊതുവിപണിയിലിടപെടുന്നതിനും വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും കാലാകാലങ്ങളിൽ പ്രവർത്തനം നടത്തുന്ന കൺസ്യൂമർഫെഡ് പോലെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ഫണ്ടിലുള്ള അപര്യാപ്തതമൂലമാണ് പ്രവർത്തനമാന്ദ്യം സംഭവിച്ചിട്ടുള്ളത്. സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾക്ക് സഹായം ചെയ്യുന്ന വിധത്തിലുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന ആക്ഷേപം അതിനാൽ അടിസ്ഥാനരഹിതമാണ്.

(സി) വിലക്കയറ്റത്തിന് ഏറെ സാധ്യതയുള്ള ഉത്സകാലങ്ങളിൽ സബ്സിഡി വിപണികളിലൂടെ 13 ഇനം അവശ്യനിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിൽ നിന്നും 20 % വരെ വിലകുറച്ചും നന്മസ്റ്റോറുകളിലൂടെ നിലവിൽ വർഷം മുഴുവൻ 6 ഇനം നിത്യോപയോഗസാധനങ്ങൾ പൊതുവിപണിയേക്കാൾ വിലകുറച്ച് സാമ്പത്തിക മാന്ദ്യം കണക്കിലെടുക്കാതെ സഹകരണ കൺസ്യൂമർ മേഖലയിലെ അപെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡ് വിപണനം നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പോള ഇടപെടലിന് സഹകരണ മേഖലയെ ഉപയോഗപ്പെടുത്താൻ ഈ സർക്കാരിന് സാധിക്കുന്നില്ല എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

48 (5853) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ നഷ്ടത്തിലും ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ ലാഭത്തിലും പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) നിലവിൽ നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സഹകരണ മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളിൽ കേരള സംസ്ഥാന സഹകരണ കാർഷികവികസനബാങ്ക്, കേരള കേരകർഷക സഹകരണ ഫെഡറേഷൻ, കേരള സഹകരണ ഹൗസിംഗ് ഫെഡറേഷൻ, കേരള സഹകരണ ആശുപത്രി ഫെഡറേഷൻ എന്നിവ ലാഭത്തിലും കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, കേരള സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന റബ്ബർ മാർക്കറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷൻ എന്നിവ നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. സഹകരണ ഫെഡറൽ സംഘങ്ങളിൽ റീജിയണൽ ആഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ആഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്നിവ ലാഭത്തിലും കേരള സ്റ്റേറ്റ് ഇന്റഗ്രേറ്റഡ് മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സൊസൈറ്റി, കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു. കേന്ദ്ര ബാങ്കുകളിൽ 12 ജില്ലാ സഹകരണ ബാങ്കുകൾ ലാഭത്തിലും 2 ജില്ലാ സഹകരണ ബാങ്കുകൾ നഷ്ടത്തിലും പ്രവർത്തിച്ചുവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾ കൺസ്യൂമർ, മാർക്കറ്റിംഗ്, കാർഷികവായ്പ, അർബൻ, പലവക, ഹൗസിംഗ് എന്നിങ്ങനെയുള്ള വിഭാഗങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്. ഓരോ സംഘത്തിന്റെയും ഓഡിറ്റ്ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിലാണ് ലാഭവും നഷ്ടവും കണക്കാക്കുന്നത്. മേൽ പരാമർശിച്ച വിവിധ വിഭാഗങ്ങളിലായി സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ സ്വഭാവത്തിൽ വിവിധ ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ ഭരണനിയന്ത്രണത്തിൽവരുന്ന സഹകരണ സ്ഥാപനങ്ങളിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയതിനാൽ സഹകരണ സംഘങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങളുടെ വിശദാംശങ്ങൾ കണക്കാക്കുന്നത് പ്രായോഗിക മല്ലാത്തതാകുന്നു.

(ബി) സഹകരണ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിലാണ് നിലവിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ മിതമായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. വിലയേറ്റത്തിന് സാദ്ധ്യതയേറിയ ഉത്സവകാലങ്ങളിൽ സഹകരണ ഉത്സവകാല വിപണികൾ സർക്കാർ സബ്സിഡിയോടുകൂടി സംഘടിപ്പിച്ചും വർഷം മുഴുവനും 6 ഇനം നിത്യോപയോഗ സാധനങ്ങൾ കമ്പോളവിലയിൽനിന്നും 10% വിലക്കുറവിൽ നന്മസ്റ്റോറുകളിലൂടെ വിൽപ്പന നടത്തിയും സാധാരണ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ പ്രാപ്യമായ സ്ഥലങ്ങളിൽ ത്രിവേണി, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളിലൂടെ എത്തിച്ചും വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളാണ് കൺസ്യൂമർഫെഡ് നടത്തിവരുന്നത്. ഉത്സവകാലത്ത് കൺസ്യൂമർഫെഡ് പൊതുവിപണിയിൽ ഇടപെട്ടതിന്റെ ഫലമായി അവശ്യസാധനങ്ങൾക്ക് വിലകുറയ്ക്കുവാൻ പൊതുവിപണിയിലെ വ്യാപാരികൾ സന്നദ്ധമാകുകയും തൽഫലമായി സാധനങ്ങളുടെ കൃത്രിമക്ഷാമം